3. 2003-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (വിദ്യാർത്ഥി പ്രവേശനവും നിയന്ത്രണവും) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2003-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (വിദ്യാർത്ഥി പ്രവേശനവും നിയന്ത്രണവും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഞാൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രാധാന്യമുള്ള, ഗൗരവമുള്ള ഒരു കാര്യമാണ് ഈ സഭയിൽ ഇപ്പോൾ അനൗദ്യോഗിക ബില്ലിന്റെ രൂപത്തിൽ കൊണ്ടുവന്നിരിക്കുന്നത്. വളരെ പ്രസക്തമായ ഒരു കാര്യം ആയതുകൊണ്ട് രണ്ട് വാക്ക് അതിനെക്കുറിച്ച് പറയുകയാണ്. ഈ സഭയിൽ തന്നെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചും ഫീസ് നിശ്ചയിക്കുന്നതു സംബന്ധിച്ചും നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് സന്നദ്ധമാണെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സഭയിൽ പരിഗണനയ്ക്ക് വരാൻ പോകുന്ന ഏകീകൃതസർവ്വകലാശാലാ നിയമത്തിൽത്തന്നെ ഇതിന് ആവശ്യമായിട്ടുള്ള ചാപ്റ്റർ ഉൾപ്പെടുത്തുകയും ചെയ്തു. അതിനു ശേഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫീസ് നിശ്ചയിക്കുന്നതു സംബന്ധിച്ചും, വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ചും കൂടുതൽ വാദപ്രതിവാദങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടായി. ഇത് വളരെ കാലിക പ്രാധാന്യമുള്ള ഒരു കാര്യമാണ്. അതുകൊണ്ട് അതിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് ഈ നിയമസഭയിൽ പ്രതിപക്ഷ നേതാവും, ശ്രീ. കോടിയേരി ബാലകൃഷ്ണനും അടക്കമുള്ളവർ ഉന്നയിച്ചപ്പോൾ ഈ പ്രശ്നം വളരെയധികം പ്രാധാന്യത്തോടും ഗൗരവത്തോടും ഗവൺമെന്റ് കണ്ടുകൊണ്ടാണ് ഏകീകൃത സർവ്വകലാശാലാ നിയമത്തിനു മുമ്പായി ഒരു പ്രത്യേക നിയമം, ഇത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ല്, ഈ നിയമസഭയിൽ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി ഈ സഭയിൽ ഉറപ്പുകൊടുത്തത്. കഴിഞ്ഞ ദിവസം, മുഖ്യമന്ത്രി, ഈ ബില്ല് കൊണ്ടുവരുന്നതിനുള്ള കാലതാമസവും ഇവിടെ വ്യക്തമാക്കി. സുപ്രീംകോടതിയിൽ 22-ാം തീയതി ഇതു സംബന്ധിച്ച് കേസ് പരിഗണനയ്ക്ക് വരികയാണ്. കോടതിയെ ഇത് സ്വാധീനിക്കാൻ ഇടവരുമെന്ന് നിയമോപദേശം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി വന്നാൽ ഗവൺമെന്റ് ഉടൻതന്നെ ഈ കാര്യത്തിൽ തീരുമാനം എടുക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത് അൺഎയിഡഡ് മേഖലയിൽ സംസ്ഥാന എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റിസ്റ്റിൽ നിന്ന് 75 ശതമാനം സീറ്റിലേക്ക് വിദ്യാർത്ഥി പ്രവേശനം നടത്തണമെന്നാണ്. ഇത് മറ്റു ചില സംസ്ഥാനത്തേയും യുജി.സി.-യുടെയും നിബന്ധനകളുടെ അടിസ്ഥാനത്തിലാണ്. പക്ഷേ കേരളത്തിൽ 50-50 എന്നുള്ളതാണ്. സംവരണ തത്ത്വം അട്ടിമറിക്കാതെ ഫീസിന്റെ കാര്യത്തിൽ പരമാധികാരം നൽകിക്കൊണ്ട് 50 % മെറിറ്റും 50 % പേമെന്റും എന്നുള്ള നിലയിൽ തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിലാണ് ഞാൻ ഇതിനെ എതിർക്കുന്നത്. അതുകൊണ്ട് ശ്രീ. കോടിയേരിയുടെ ബില്ല് അംഗീകരിക്കുന്നതിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വളരെയധികം പ്രാധാന്യമുള്ള ബില്ലിനാണ് ഞാൻ ഇവിടെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് നിയമം ആക്കി മാറ്റാം. രാവിലെ ഒരു ബില്ല് ഇവിടെ ശ്രീ. ഹസ്സൻ അവതരിപ്പിച്ചു പാസ്സാക്കി എടുത്തതുപോലെ അത്രയും വേഗത്തിൽ നമുക്ക് ഈ ബില്ലും പാസ്സാക്കാം. കേരളത്തിലെ ജനങ്ങളാകെ ആഗ്രഹിക്കുന്ന ഒരു നിയമ നിർമ്മാണത്തിനാണ് ഞാൻ ഇന്ന് ഇവിടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് കൊടുത്തിരുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ഇന്ന് ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. ഈ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ നിയന്ത്രിക്കാതെ വിട്ടാൽ, അതിന് നിയന്ത്രണങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ എന്തും സംഭവിക്കാമെന്നുള്ളതാണ് നമുക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന അനുഭവം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ പറഞ്ഞ വാഗ്ദാനം, നിയമനിർമ്മാണം എന്നുള്ള വാഗ്ദാനം രണ്ടു കൊല്ലമായിട്ട് കേൾക്കാൻ തുടങ്ങിയതാണ്. കഴിഞ്ഞ വർഷവും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു നിയമനിർമ്മാണം കൊണ്ടുവരും എന്ന്. ഈ സമയംവരെയായിട്ടും നിയമനിർമ്മാണം ഉണ്ടായില്ല. നിയമ നിർമ്മാണം വരാതിരുന്നതിന്റെ ഫലമായിട്ട് ഇവിടത്തെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഏറ്റവും നല്ല അവസരം കിട്ടിയിരിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗം ഇന്ന് അക്ഷര വ്യാപാരികളുടെ കയ്യിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു പുതിയ വ്യാപാര വിഭാഗം വന്നിരിക്കുകയാണ്. അക്ഷര വ്യാപാരികൾ അക്ഷരം തന്നെ വിൽക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: അക്ഷരം വിൽക്കുന്നു എന്നത് വിജ്ഞാന വ്യാപാരം എന്നാക്കിക്കൂടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിജ്ഞാനത്തിന്റെ താക്കോലാണല്ലോ അക്ഷരം. അറിവിന്റെ താക്കോലായിട്ടുള്ള അക്ഷരത്തിന്റെ വ്യാപാരികളായിട്ടുള്ള ഒരു പുതിയ വിഭാഗം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പല ഘടകങ്ങളും അതിന്റെ പിന്നിലുണ്ട്. ആ അക്ഷര വ്യാപാരികൾ സമൂഹത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഒരു പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ ബില്ലിൽ ഞാൻ ഉദ്ദേശിക്കുന്നത് ഇവിടെ യു.ജി.സി. നിർദ്ദേശിക്കുന്നത് 85% സീറ്റ് മെറിറ്റിൽ ആകാമെന്നാണ്. കർണ്ണാടക സംസ്ഥാന ഗവൺമെന്റ് കോൺഗ്രസ് ഗവൺമെന്റാണ്. ഈ കോൺഗ്രസ് ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിലെ 75 ശതമാനം സീറ്റ് മെറിറ്റ് സീറ്റായിട്ടാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. Fifty-fifty എന്നുള്ളത് ഉണ്ണികൃഷ്ണൻ കേസ്സിന്റെ അടിസ്ഥാനത്തിൽ വന്ന ഒരു ആശയമാണ്. ഇന്ന് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പുതിയ ഒരു സാഹചര്യം വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായി. ആ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ആണ് പലരും ഇനി സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താൻ പാടില്ല എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താമെന്ന് കർണ്ണാടക ഗവൺമെന്റ് തെളിയിക്കുകയും ചെയ്തു. അതിനെ ചോദ്യം ചെയ്തുകൊണ്ട് കർണ്ണാടക ഹൈക്കോടതിയിൽ ഒരു കേസ് വന്നു. ആ കേസിൽ വിധി വന്നപ്പോൾ കർണ്ണാടക പാസ്സാക്കിയ നിയമം സാധുവാണെന്ന് പ്രഖ്യാപിച്ചു. അതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തില്ല. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം

നടത്താമെന്ന് വ്യക്തമായിരിക്കുകയാണ്. സുപ്രീം കോടതിയിൽ ഇപ്പോൾ നടക്കുന്ന പുഷ്പഗിരി കോളേജ് മാനേജ്മെന്റും, കോലഞ്ചേരി കോളേജ് മാനേജ്മെന്റും സംബന്ധിച്ച കേസിൽ കക്ഷി ചേർന്നിരിക്കുകയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തിരിക്കുന്നത്. അതിനുമുമ്പുതന്നെ ഇവിടെ നിയമനിർമ്മാണം കൊണ്ടുവരുന്നതിൽ സാങ്കേതികമായിട്ടോ നിയമപരമായിട്ടോ യാതൊരു തടസ്സവുമില്ല എന്ന് മറ്റ് സംസ്ഥാനങ്ങൾ നടത്തിയ നിയമനിർമ്മാണം തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാനിവിടെ അവതരിപ്പിക്കുന്നത് Fifty-fifty എന്ന ആ പഴയ തത്വം മാറ്റണമെന്നുള്ളതാണ്. 75% സീറ്റ് മെറിറ്റാക്കി മാറ്റണം.

ശ്രീ. തമ്പാനൂർ രവി: പ്രസക്തമായ കാര്യങ്ങൾക്കുവേണ്ടി സ്വകാര്യ ബിൽ ഈ സഭയിൽ കൊണ്ടുവരുന്ന അംഗമാണ് അങ്ങ്. അതുപോലെ ചില കാര്യങ്ങളിലുള്ള അങ്ങയുടെ പ്രതികരണവും വളരെ പ്രധാനപ്പെട്ടതാണ്. ഗതാഗതവകുപ്പിന്റെ കഴിഞ്ഞ ചർച്ചയിൽ പൊതുമുതൽ നശീകരണത്തിന്റെ ചർച്ചയിൽ ഏറ്റവും നന്നായി പ്രതികരിച്ച ആളാണ് അങ്ങ്. എനിക്ക് അങ്ങയോടുള്ള ചോദ്യം ഈ ബിൽ കൊണ്ടുവന്ന അങ്ങ് പൊതുമുതൽ നശീകരണത്തെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു ബിൽ കൊണ്ടുവരുന്ന കാര്യം സജീവമായി പരിഗണിക്കുമോ എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കും കൊണ്ടുവരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. തമ്പാനൂർ രവിയുടെ ചോദ്യം കേട്ടാൽ തോന്നും പൊതുമുതൽ നശിപ്പിക്കാം എന്നൊരു നിയമം ഇവിടെയുണ്ടെന്ന്. അതിന് ഒരു നിയമത്തിന്റെ ആവശ്യമില്ല. ഇവിടെ ജനങ്ങളിൽ ബോധമുണ്ടാക്കി ഇത്തരത്തിലുള്ള പ്രവണത മാറ്റിയെടുക്കണമെന്നുള്ള അഭിപ്രായമാണ് ഞാൻ പ്രകടിപ്പിച്ചിട്ടുള്ളത്. അത് നിയമനിർമ്മാണം വഴി ചെയ്യേണ്ടതാണെന്ന് ഞാൻ കാണുന്നില്ല.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട കോടിയേരി ഉന്നയിച്ചിരിക്കുന്നത് വളരെ പ്രസക്തമായ വിഷയമാണ്. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ പ്രത്യേകമായി അംഗീകരിക്കുകയാണ്. പക്ഷേ ഗവൺമെന്റിന്റെ ആത്മാർത്ഥത അങ്ങ് മനസ്സിലാക്കണം. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലവട്ടം ആവർത്തിച്ചു പറഞ്ഞു. ഗവൺമെന്റ് ഈ കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം അതല്ല. പഴയ കാലഘട്ടത്തിലേക്ക് കേരളത്തെ തിരിച്ചുകൊണ്ടു പോകണമെന്ന് ആഗ്രഹിക്കുന്ന ചിലർ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കടന്നുകൂടിയിരിക്കുന്നു. നമ്മൾ നേടിയെടുത്ത അവകാശങ്ങൾ, കലാവയങ്ങളിലെ ഫീസ് ഏകീകരണം എന്നിവ വിദ്യാർത്ഥി സംഘടനകൾ വളരെ ശക്തമായി സമരം നടത്തി നേടിയെടുത്തതായിരുന്നു. ഇന്ന് മാനേജ്മെന്റുകൾ പറയുന്നത് ഞങ്ങൾ ഫീസ് നിശ്ചയിക്കും, ഇത് ലാഭകരമായി കൊണ്ടുപോകണം, മെഡിക്കൽ കോളേജ് ലാഭകരമായി കൊണ്ടുപോകണം. എൻജിനിയറിംഗ് കോളേജ് ലാഭകരമായി കൊണ്ടുപോകണം, ഇതിന് ഫീസ് ഞങ്ങൾ നിശ്ചയിക്കും എന്നാണ്. ഇതിനുവേണ്ടിയുള്ള അന്തരീക്ഷമൊരുക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട കോടതിയടക്കം വിദ്യാർത്ഥികളുടെ രാഷ്ട്രീയം അപ്പാടെ

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റുകൾക്ക് നിരോധിക്കാമെന്നുള്ളത് കൊണ്ടുവന്നിരിക്കുകയാണ്. വളരെ ഗൗരവമായി നമ്മൾ ഇതിനെ കാണേണ്ട കാര്യമാണ്. അങ്ങയുടെ ബില്ലിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുന്നതുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പ്രസക്തി ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട വേണു പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കുമുള്ളത്. ഇതിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനത്തിനെതിരായിട്ടുള്ള കോടതി വിധി വന്നിരിക്കുന്നത് ഈ മാനേജ്മെന്റുകളെ സഹായിക്കാനാണ്. മാനേജ്മെന്റുകളുടെ കൊള്ളയ്ക്കെതിരായിട്ട് വരുന്ന വമ്പിച്ച വിദ്യാർത്ഥി പ്രക്ഷോഭത്തെ തടയുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് വിദ്യാർത്ഥി സംഘടനകളും അധ്യാപക സംഘടനകളും നിരോധിക്കുക എന്ന നിലപാട് സ്വീകരിച്ചിരിക്കുന്നത്. എന്നോട് ചോദിച്ച ഈ ചോദ്യം ശ്രീ. വേണു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കണം. ഇപ്പോൾ ഗവൺമെന്റ് ഇലക്ഷൻ തന്നെ മാറ്റാൻ പോവുകയാണ്. അടിയന്തിരാവസ്ഥ കാലത്താണ് സ്കൂൾ പാർലമെന്റ് ഇലക്ഷനിൽ മാറ്റം വരുത്തിയത്. അടിയന്തിരാവസ്ഥ കാലം വരെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ, ലീഡറെ നേരിട്ട് തെരഞ്ഞെടുക്കലായിരുന്നു. അപ്പോൾ കെ.എസ്.യു തോറ്റ് തുന്നം പാടാൻ തുടങ്ങിയപ്പോൾ പറഞ്ഞു ഇനി ക്ലാസ് അടിസ്ഥാനത്തിലുള്ള ഇലക്ഷൻ മതിയെന്ന്. അതിലും എസ്.എഫ്.ഐ. മുഴുവൻ വിജയിച്ചു. ഇപ്പോൾ പറയുന്നത് കോളേജ് തെരഞ്ഞെടുപ്പുപോലെയാക്കാമെന്നാണ്. ഇങ്ങനെയുള്ള വിദ്യകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നിങ്ങളുടെ ഗവൺമെന്റിന് ഈ കാര്യങ്ങളിലുള്ള ന്യായം എന്താണെന്നുള്ളതു തന്നെ ഇപ്പോൾ സംശയാസ്പദമാണ്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട വേണു പറഞ്ഞ ഒരു കാര്യം അങ്ങ് ഗൗരവമായി എടുത്തില്ല എന്നു തോന്നുന്നു. മാനേജ്മെന്റുകൾക്ക് യഥേഷ്ടം ഫീസ് ചുമത്താമെന്നുള്ള രീതിയിൽ ചില ഗൂഢനീക്കങ്ങൾ നടക്കുന്നു എന്നുള്ളതാണ്. ആ ഗൂഢനീക്കം സംബന്ധിച്ച് ഈയിടെ പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സെക്രട്ടറി ഡോ. ഫാദർ എബ്രഹാം കാക്കനാട് നടത്തിയ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളിൽ നിന്നും യഥേഷ്ടം ഫീസ് പിരിക്കാൻ ഈ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർ രഹസ്യ അനുമതി നൽകിയിരിക്കുകയാണ് എന്നാണ്. ആ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മന്ത്രിസഭയിലെ ആരുടെയെങ്കിലും പിന്തുണയില്ലാതെ ഒരു മാനേജ്മെന്റിന് ഇങ്ങനെ ചെയ്യാൻ കഴിയുമോ ജയരാജാ? നമുക്ക് അറിഞ്ഞുകൂടേ? ഇതെന്താ, വെള്ളരിക്കാ പട്ടണമാണോ? കുറച്ച് ആളുകളുടെ പിന്തുണ അവർക്കുണ്ട്. മുഖ്യമന്ത്രിയുടെ പിന്തുണ ഇല്ലായെന്ന് എനിക്കറിയാം. മറ്റു മന്ത്രിമാർ ഇത് പൊളിക്കാൻ വേണ്ടി ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്ജ്: ഇവിടുത്തെ പ്രശ്നം, ഹൈക്കോടതിയോ സുപ്രീം കോടതിയോ ആരു പറഞ്ഞാലും ഈ സഭയിൽ ഒരു നിയമം കൊണ്ടുവരുന്നതിന് നമുക്ക് എന്താണ് തടസ്സം എന്നാണ് ഇനി സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിനെ നോക്കിയിരിക്കേണ്ട കാര്യം നമുക്കുണ്ടോ? ഇവിടെ നിയമം പാസ്സാക്കി തന്റേടമായിട്ട് കാര്യം നടത്താൻ നമുക്ക് കഴിയുകയില്ലേ? മുഖ്യമന്ത്രി നല്ലവനെന്നൊക്കെ പറഞ്ഞ് പ്രചരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നു. ബാക്കിയുള്ളവരിൽ കുഴപ്പമുണ്ട് എന്ന് വരുത്തി, പൂച്ച കണ്ണടച്ച് പാലു കുടിക്കുന്നതുപോലെയുള്ള ഇടപാടാണ്. മുഖ്യമന്ത്രി പാവമാണെന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. തീർച്ചയായും നമ്മുടെ അലവൻസും ശമ്പളവും പാസ്സാക്കിതുപോലെ ഈ നിയമം പാസ്സാക്കാം എന്ന് ഞങ്ങൾ പറഞ്ഞില്ലേ? ചുട്ടെടുക്കുന്നതുപോലെ എടുത്തോ. ഈ നിയമം ചർച്ചയില്ലാതെ പാസ്സാക്കാൻ തയ്യാറാണെന്ന് പറഞ്ഞതല്ലേ? എന്താ കൊണ്ടുവരാത്തത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിയുടെ പത്രപ്രസ്താവന സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അതിനെ പാര വയ്ക്കുന്ന മന്ത്രിമാർ മന്ത്രിസഭയ്ക്കകത്തുതന്നെയുണ്ട്. മന്ത്രിസഭയിലുള്ള ആൾ മാത്രമല്ല പാരവയ്ക്കുന്നത്. ആ പാരയാണെങ്കിൽ മുഖ്യമന്ത്രി അതിജീവിക്കുമായിരുന്നു. കൺവീനറുടെ പാരയും കൂടിയുണ്ട് എന്നാണ് എനിക്കു കിട്ടിയ വിവരം. യു.ഡി.എഫ്. പാരയായിട്ട് പുറപ്പെട്ടിട്ടുണ്ട്. വലിയ ഒരു വിഭാഗമായിട്ട് കേരളത്തിലെ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് കേരളത്തിൽ.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറഞ്ഞത് സ്വകാര്യ മെഡിക്കൽ കോളേജുകളുടെ തീരുമാനം അവരുടെ കാര്യങ്ങൾ നടപ്പാക്കലൊക്കെ ഗവൺമെന്റുമായി ആലോചിച്ചുകൊണ്ടാണ് എന്നാണ്. ഇതാണ് അങ്ങയുടെ കാലത്തെ സ്ഥിതി എന്നതല്ലേ ശരി? ഇപ്പോൾ അങ്ങനെയല്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് മനസ്സിലായില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ധരിച്ചത് ഈ കേരളം ഭരിക്കുന്നത് ബഹുമാനപ്പെട്ട ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണെന്നാണ്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറയുന്നു ഗവൺമെന്റല്ല ഭരിക്കുന്നതെന്ന് പിന്നെ ആരാണ് കേരളം ഭരിക്കുന്നത്? സംസ്ഥാന ഗവൺമെന്റിന് ഒന്നും അറിയുകയില്ല എന്നു പറഞ്ഞാൽ എന്താണ്? കേരളം ഭരിക്കുന്നത് ആരാണ്? അതാണ് ഞാനിവിടെ വ്യക്തമാക്കിയത് യു.ഡി.എഫ്. പ്രഖ്യാപിച്ച നയം 50 ശതമാനം മെറിറ്റ് സീറ്റ്, 50 ശതമാനം പേമെന്റ് സീറ്റ്. 50 ശതമാനം മെറിറ്റിലേയ്ക്കുള്ള വിദ്യാർത്ഥികൾക്ക് ഫീസ് നിങ്ങൾ പറഞ്ഞത് എത്രയാണ്, ഗവൺമെന്റ് കോളേജിൽ വാങ്ങുന്ന അതേ ഫീസ് വാങ്ങുമെന്ന് പറഞ്ഞു. അത് മുഖ്യമന്ത്രി അപ്പോൾത്തന്നെ വിഴുങ്ങി. ഇപ്പോൾ മുഖ്യമന്ത്രി അനങ്ങുന്നില്ലല്ലോ. ഇന്നു രാവിലെ ഇവിടെ പറഞ്ഞപ്പോഴും മുഖ്യമന്ത്രി അത് പറഞ്ഞില്ല, ഗവൺമെന്റ് കോളേജിൽ വാങ്ങുന്ന ഫീസ് മാത്രം വാങ്ങുമെന്ന്, കഴിഞ്ഞ വർഷം വരെ 50 ശതമാനം സീറ്റിലാണ് പ്രവേശനം കിട്ടിയത്. ഇപ്പോൾ എന്താണ് സ്ഥിതി? കഴിഞ്ഞ വർഷംവരെ 50 ശതമാനം മെറിറ്റിൽ ഗവൺമെന്റ് കോളേജിൽ വാങ്ങുന്ന അതേ ഫീസ് മാത്രം വാങ്ങിയതുകൊണ്ട് മെറിറ്റ് സീറ്റിൽ വരുന്ന വിദ്യാർത്ഥിക്ക് ഏതു കോളേജിലും ചേരാമായിരുന്നു. ഉദാഹരണത്തിന് പരിയാരം മെഡിക്കൽ കോളേജിൽ ഉള്ള വിദ്യാർത്ഥി ആണ് എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷയിൽ 1-ാം റാങ്ക് വാങ്ങിയതെങ്കിൽ പരിയാരത്താണ് ചേരുന്നതെങ്കിൽ ആ വിദ്യാർത്ഥി 1,76,000 രൂപ ഫീസ് കൊടുക്കണം. ഗവൺമെന്റ് കോളേജിലെ ഫീസ് കൊടുത്താൽ ആ വിദ്യാർത്ഥിക്ക് അവിടെ ചേരാൻ കഴിയുകയില്ല. അപ്പോൾ 50 ശതമാനം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജിലെ ഫീസ് എന്നുള്ള യു.ഡി.എഫ്.-ന്റെ പ്രഖ്യാപനം നിങ്ങൾ വിഴുങ്ങിയിരിക്കുന്നു എന്നുള്ളതാണ് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനം നടത്തുന്ന സമരത്തിന്റെ അടിസ്ഥാന കാരണം. അത് നിങ്ങൾ മാറ്റിയെടുക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട കോടിയേരിയുടെ ബില്ലിന്റെ ഉദ്ദേശ ശുദ്ധിയെ 100 ശതമാനം മനസ്സിൽത്തട്ടി സ്വാഗതം ചെയ്യുന്ന ഒരു പഴയ വിദ്യാർത്ഥി പ്രവർത്തകനാണ് ഞാൻ. സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ. ഈ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് പൊതുപ്രവർത്തകർക്കിടയിൽ ഏറെ ആശങ്കയുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അങ്ങും ശ്രീ. കെ. സി. വേണുഗോപാലും പറഞ്ഞ ഒരു കാര്യം, ശ്രീ. കെ. സി. വേണുഗോപാൽ ചോദിച്ചത് വിദ്യാർത്ഥി സംഘടനകളുടെ കോളേജ് യൂണിയൻ ഇലക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അങ്ങ് വിദ്യാർത്ഥി നേതാവായിരുന്നു. ശ്രീ. കെ. സി. വേണുഗോപാലും, ഞാനും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയിരിക്കുന്ന മഹാഭൂരിപക്ഷം ആളുകളും വിദ്യാർത്ഥി നേതാക്കന്മാരായിരുന്ന ആളുകളാണ്. നമ്മളൊക്കെ നേതാക്കളായിരുന്ന കാലഘട്ടത്തിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനവും, ഇപ്പോഴത്തെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനവും തമ്മിൽ വ്യത്യാസമുണ്ട് എന്ന് കൂട്ടസമ്മതം നടത്തണ്ടേ? അങ്ങ് അത് നിഷേധിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് വിദ്യാർത്ഥി സംഘടനകളുടെ രാഷ്ട്രീയത്തിനെതിരെ കോടതിയിലായാലും, പൊതുജനങ്ങൾക്കിടയിലും രക്ഷാകർത്താക്കൾക്കിടയിലും ഒക്കെ ഉണ്ടായിട്ടുള്ള വികാരത്തിനുകാരണം നമ്മെപ്പോലെയുള്ള നമ്മൾ കടന്നുവന്ന വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തന ശൈലിയാണ് എന്നത് വാസ്തവമല്ലേ? അതുകൊണ്ട് അത് പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ; വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തന ശൈലിക്ക് മാറ്റംവരുത്താൻ തയ്യാറാകേണ്ടതുണ്ട്. പഴയ കെ.എസ്.എഫും., പഴയ എസ്.എഫ്.ഐ.-യും പഴയ കെ.എസ്.യുവുമൊക്കെ വിദ്യാർത്ഥികളുടെ ആനുകാലിക പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളായിരുന്നു നടത്തിയിരുന്നത്. അല്ലെങ്കിൽ ശരിക്കും അതിൽ രാഷ്ട്രീയം ഉണ്ടായിരുന്നില്ല. എല്ലാ അർത്ഥത്തിലും സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി അതിന് കാലോചിതമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് അങ്ങുശ്രപ്പടെ.....നേരത്തേ അങ്ങ് ഈ സഭയിൽ പൊതുമുതൽ നശിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞ വികാരവും കണക്കിലെടുത്തുകൊണ്ട് വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് ഒരു പെരുമാറ്റച്ചട്ടവും ഒരു മാനദണ്ഡവും ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ഒരു ആലോചന ഈ ബില്ലിൽ ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബിൽ അതുമായി ബന്ധമുള്ളതല്ല. പക്ഷേ നിങ്ങളുടെ ചോദ്യത്തിന് എന്റെ അഭിപ്രായം പറയാം. ഇവിടെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിൽ ഇപ്പോഴുള്ള പ്രശ്നം, അതിന് പണ്ടുകാലത്തുനിന്നും വലിയ

11 A. M.] മാറ്റംവന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. വിദ്യാർത്ഥി സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ വിദ്യാഭ്യാസരംഗത്ത് അരാജകത്വം ഉണ്ടാകും. വിദ്യാർത്ഥി സമൂഹം എവിടെയെങ്കിലും എത്തും. വിദ്യാർത്ഥികൾ മദ്യപാനത്തിന്റെയും കഞ്ചാവിന്റെയുമൊക്കെ പിടിയിലാകും. പണ്ടുകാലത്തെക്കാൾ കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് മാറ്റം ഉണ്ടായിട്ടുണ്ട് എന്ന അഭിപ്രായമാണുള്ളത്. ഞങ്ങളൊക്കെ കോളേജിൽ പഠിക്കുന്ന കാലത്ത് അരാജക പ്രസ്ഥാനം ധാരാളമുണ്ടായിരുന്നു. അതിലൊക്കെ മാറ്റംവന്നു. കെ.എസ്.യു.-ന്റെ സ്വാധീനം കുറഞ്ഞിട്ടുണ്ടെന്നത് ഒരു പ്രശ്നമാണ്. എസ്.എഫ്.ഐ. പോലുള്ള വിദ്യാർത്ഥി സംഘടനകൾക്ക് കേരളത്തിലെ

വിദ്യാർത്ഥി സമൂഹത്തിനിടയിൽ സ്വാധീനം വർദ്ധിച്ചിട്ടുണ്ട്. ഈ ഒരു മാറ്റം ഉണ്ടായി എന്നുള്ളതല്ലാതെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിൽ കാലോചിതമായി അരാജക പ്രവണതകൾ കുറച്ചുവരുന്നതിൽ വിദ്യാർത്ഥി സമൂഹത്തിന് വലിയ മാറ്റം വന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിജയശതമാനം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ റിസൾട്ട് വർദ്ധിക്കുന്നു. ഡിഗ്രി വിദ്യാർത്ഥി കളുടെ റിസൾട്ടിൽ വർദ്ധനവ് വരുന്നു. ഇത്തരത്തിൽ വിദ്യാഭ്യാസ വളർച്ചയിൽ തന്നെ മാറ്റങ്ങൾ വരുന്നത് വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിൽ കാലോചിതമായി മാറ്റം വന്നു എന്നതിനുള്ള തെളിവാണ്. മാത്രമല്ല വിദ്യാർത്ഥി സംഘടനാ നേതാക്കന്മാർ ഉന്നത മാർക്കു വാങ്ങി വിജയിക്കുന്ന നിലയിൽ എത്തി. നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾ തന്നെ വിദ്യാർത്ഥി സംഘടനാ നേതൃത്വ സ്ഥാനത്ത് വരുന്ന അവസ്ഥ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനത്തിൽ പുറകോട്ടുപോകുകയല്ല ചെയ്തത്, ഈ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ അവ നമുക്ക് ചർച്ച ചെയ്ത് പരിഹരിക്കാം. അവ തിരുത്താൻ സാധിക്കുന്നവയാണ്. തലവേദന വന്നാൽ തല വെട്ടുന്നത് ശരിയല്ലല്ലോ തലവേദന നമുക്ക് ചികിൽസിച്ച് മാറ്റാം. അതിനുപകരം വിദ്യാർത്ഥി സംഘടന തന്നെ വേണ്ട എന്നു പറയുന്നത് ഇവിടെ അരാജകത്വം ഉണ്ടാക്കുമെന്ന് മാത്രമല്ല വിദ്യാഭ്യാസ കച്ചവടക്കാർക്ക് ചോദ്യം ചെയ്യാൻ ഏറ്റവും നല്ല ഒരു അവസരം കിട്ടുകയും ചെയ്യും. ഒന്നും ഇല്ലാത്ത ഒരവസ്ഥ സൃഷ്ടിക്കും. ഇതാണ് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചാൽ ഉണ്ടാകുന്ന അവസ്ഥ. അതുകൊണ്ട് അതിനെ ഒരു കാരണവശാലും അംഗീകരിക്കുവാൻ നമുക്ക് സാധിക്കില്ല.

Mr. Deputy Speaker : Your time is over. Are you concluding today?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: No, ഇത് ധാരാളം സമയം ചർച്ച ചെയ്യേണ്ട താണ്. ഇന്നത്തെ ദിവസം മുഴുവൻ ഇതിനുവേണ്ടി നീക്കിവച്ച് ചർച്ച ചെയ്ത് തീർക്കണം. ഇന്നുതന്നെ ഈ ബില്ലിൽ അപ്പുറത്തുള്ളവരുടെ ഭേദഗതികൂടി പരിഗണിച്ച് തീരുമാനിച്ചു കഴിഞ്ഞാൽ കേരളത്തിനു നൽകുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും അത്.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട പ്രതാപൻ വിദ്യാഭ്യാസ നേതാവായി വന്ന ആളാണ്. അദ്ദേഹം ഈ വിഷയത്തെ വേറെ രീതിയിലേക്ക് കൊണ്ടുപോവു കയാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോടാണ് എനിക്ക് യോജിപ്പ്. വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ കൂട്ടായി ആലോചിച്ച് പ്രവർത്തന ശൈലി ഉണ്ടാക്കണം. സമരവും പഠിപ്പുമുടക്കുമൊക്കെ നിയന്ത്രിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. പക്ഷേ വിദ്യാർത്ഥി സംഘടനയെ എതിർക്കുന്ന പലരും അത് സാമുദായിക സംഘടനകളാകട്ടെ, വേറെ ഏത് സംഘടനകളു മാകട്ടെ അവരൊക്കെ നിസ്സാര കാര്യത്തിനുവേണ്ടി തല്ലിയും കൊന്നും രക്തച്ചൊരിച്ചിൽ നടത്തുന്ന കാലഘട്ടം കേരളത്തിൽ നമ്മൾ കണ്ടതാണ്. എന്നിട്ട് എല്ലാത്തിനും കുഴപ്പം വിദ്യാർത്ഥി സംഘടനകളാണെന്നു പറയുന്നത് ഇത്തരം ആളുകളെ രക്ഷിക്കുവാൻ വേണ്ടിയുള്ള ഒരു വഴിയല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ രംഗത്തു നിന്നും അപ്രത്യക്ഷമായാൽ ജാതി സംഘടനകളും മത സംഘടനകളും വർഗ്ഗീയ ശക്തികളുമാണ് വിദ്യാഭ്യാസ രംഗത്ത് മേധാവിത്വം സ്ഥാപിക്കുവാൻ പോകുന്നത്. അത്തരം ശക്തികളാണ് ഈ വാദഗതിയെ പ്രോത്സാഹിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: അങ്ങ് പുഷ്പഗിരി മാനേജ്മെന്റ് എടുത്ത നിലപാടിനെ അതിശക്തമായി വിമർശിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തോട് നൂറു ശതമാനം യോജിച്ചു കൊണ്ടുതന്നെ ഞാൻ സംസാരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ചില സ്നേഹിതർ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ കോളേജ് കാമ്പസുകൾ പരിശോധിച്ചാൽ മൊത്തം വിദ്യാർത്ഥികളിൽ 50 ശതമാനം റഗുലർ കോളേജിൽ പഠിക്കുന്നില്ല എന്നതു സത്യമാണെന്നു കാണാം. അതുകൊണ്ടുതന്നെ പകുതി കുട്ടികൾക്ക് മാത്രമേ സംഘടനാ സ്വാതന്ത്ര്യമുള്ളൂ എന്നത് ഒരു വസ്തുതയാണ്. ഞാൻ അങ്ങോട്ടല്ല പോകുന്നത്. എന്റെ പ്രധാന ചോദ്യം നമ്മുടെ പല കാമ്പസുകളും ഏകപാർട്ടി കാമ്പസുകളായി മാറിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ആർട്ട്സ് കോളേജ്, ആയുർവേദ കോളേജ് തുടങ്ങി നിരവധി കോളേജുകളിൽ ചില വിദ്യാർത്ഥി സംഘടനകൾക്ക് മാത്രമേ പ്രവർത്തിക്കുവാൻ പറ്റുന്നുള്ളൂ. മറ്റൊരു സംഘടനയ്ക്കും പ്രവർത്തിക്കുവാൻ പറ്റുന്നില്ല. ഉദാഹരണം, എം. ജി. കോളേജിൽ എ.ബി.വി.പി. അല്ലാതെ ഒരു വിദ്യാർത്ഥി സംഘടനക്കും കഴിഞ്ഞ പത്തു വർഷമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ധനുവച്ചപുരം എൻ.എസ്.എസ്. കോളേജടക്കം യൂണിവേഴ്സിറ്റി കോളേജിലാണെങ്കിൽ എസ്.എഫ്.ഐ. മാത്രമാണ്. ഇങ്ങനെ ഏകപാർട്ടി കാമ്പസ്സാണ് കേരളത്തിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളുടെ ജനാധിപത്യബോധം തകർത്തത്. അതാണ് ഇന്നു വന്നിട്ടുള്ള വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിലെ ഏറ്റവും സുപ്രധാനമായ അരാജകത്വം. അത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം പറയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്തരം പ്രശ്നങ്ങൾ ഇപ്പോൾ ഒന്നോ രണ്ടോ കോളേജുകളിലെ കേസുകളാണെങ്കിൽ, നമുക്ക് പ്രത്യേകിച്ച് ചർച്ചചെയ്ത് അതു സംബന്ധിച്ച് തീരുമാനമെടുക്കാം.

Mr. Deputy Speaker : Your can continue next time.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: യൂണിവേഴ്സിറ്റി കോളേജിൽ എല്ലാ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. എ.ഐ.എസ്.എഫ്. തുടങ്ങിയ സംഘടനകൾ. കെ.എസ്.യു. യൂണിറ്റിന്റെ ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട കെ. മുരളീധരനാണ്. പക്ഷേ കെ.എസ്.യു. വിദ്യാർത്ഥികളെ അങ്ങോട്ട് അയച്ചുകൊടുക്കുവാൻ പറ്റില്ല. അതു നിങ്ങൾ തന്നെ ഉണ്ടാക്കണം. മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം എസ്.എഫ്.ഐ. പ്രവർത്തകരിൽ നിന്നും ഏതെങ്കിലും കോളേജിലുണ്ടെങ്കിൽ അതു സംബന്ധിച്ച് അവരുമായി സംസാരിച്ച് നമുക്ക് ഇടപെടാം. ഈ തരത്തിലുള്ള അന്തരീക്ഷമാറ്റം ഉണ്ടാക്കുവാൻ ശ്രമിക്കണം. അരാജകത്വ രീതിയിലുള്ള പ്രചരണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികൾക്കു തന്നെ നേതൃത്വപരമായി ഇടപെടാൻ കഴിയും. ഈ വികസന പ്രവർത്തനത്തിൽ എവിടെയെങ്കിലും എന്തെങ്കിലും തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിദ്യാർത്ഥി സംഘടന തന്നെ വേണ്ടെന്നു പറയുന്ന സമീപനം സ്വീകരിച്ചു കഴിഞ്ഞാൽ രാഷ്ട്രീയ പാർട്ടിയും നാളെ നിരോധിക്കപ്പെടും. മാന്നാനം കെ. ഇ. കോളേജിൽ വിദ്യാർത്ഥി സംഘടനയെ നിരോധിച്ചുകൊണ്ട് അദ്ധ്യാപക സംഘടനയെയും നിരോധിച്ചു. ഇതു നാളെ രാഷ്ട്രീയ പാർട്ടികൾതന്നെ വേണ്ടെന്ന അവസ്ഥയിലേക്ക് എത്തും. അത് കേരളത്തിൽ ഉണ്ടാകുന്നത് ഈ നിയമസഭയ്ക്ക് അപമാനമായിരിക്കും. അതുകൊണ്ട് അതു സംബന്ധിച്ച് വേറൊരു ബിൽ ഇവിടെ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ആ ബിൽ കൊണ്ടുവന്നാലും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സന്റെ നിലപാട് ഈ പറയുന്ന നിലയിൽതന്നെയായിരിക്കും. നമുക്ക് ശ്രീ. ഹസ്സനെ മാറ്റി നിർത്തികൊണ്ട് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒന്നിച്ചാൽ ഈ ബിൽ പാസ്സാക്കാം. അതുകൊണ്ട് വോട്ടെടുപ്പ് നടക്കുന്ന സമയത്ത് നമുക്ക് എല്ലാവേർക്കും ചേർന്ന് ശ്രീ. ഹസ്സനെ ഒറ്റപ്പെടുത്തണം. അങ്ങനെയുള്ള ഒരു ദിവസത്തിന് ഞാൻ കാത്തിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

4. 2002-ലെ കേരള വിവാഹധൂർത്തും ആർഭാടവും നിരോധന ബിൽ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 2002-ലെ കേരള വിവാഹധൂർത്തും ആർഭാടവും നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ എതിർക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട ടീച്ചർ ഒരു വലിയ സാമൂഹ്യ പ്രശ്നമാണ് ഈ ബില്ലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിരിക്കുന്നത്. വിവാഹ ധൂർത്തും ആർഭാടവും ഒരു സാമൂഹ്യ തിന്മയായി ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. ആഭരണങ്ങൾക്കും വസ്ത്രങ്ങൾക്കും സമൃദ്ധമായ സദ്യകൾക്കും മറ്റും താങ്ങാവുന്നതിലധികം പണം ചെലവഴിച്ച് കടം വരുത്തിവച്ച് ധൂർത്ത് കാണിക്കുമ്പോൾ സമ്പന്ന വിഭാഗം യാതൊരു നിയന്ത്രണവുമില്ലാതെ ലക്ഷങ്ങൾ മുടക്കി വിവാഹമേളകൾ നടത്തുന്നത് നമ്മുടെ ഒരു സാമൂഹ്യ തിന്മയായി ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. അതിനു ഒരു പരിഹാരം ഉണ്ടാകണമെന്നുള്ള വളരെ സദുദ്ദേശപരമായ ഒരു നിർദ്ദേശമാണ് ഈ ബില്ലിൽ ഉൾക്കൊള്ളുന്നത്. നിയമനിർമ്മാണംകൊണ്ട് വിവാഹധൂർത്തും ആർഭാടവും എത്രകണ്ട് നിരോധിക്കാനാകുമെന്നത് പ്രത്യേകം ചിന്തിക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ ഒരു നിയമനിർമ്മാണം കൊണ്ട് രാജ്യമാകെയുള്ള ഈ സാമൂഹ്യതിന്മയെ നിയന്ത്രിക്കുവാനാവില്ല. സാമൂഹ്യമായ ഈ തിന്മയ്ക്ക് എതിരെയുള്ള ബോധവൽക്കരണമാണ് പ്രായോഗികമായി വേണ്ടത്. അതിനു സാമൂഹ്യ സംഘടനകളുടെയും അതുപോലെ മറ്റു ബഹുജന പ്രസ്ഥാനങ്ങളുടെയും പിന്തുണയാണ് ആവശ്യം. ഇത്തരത്തിൽ ഒരു നിയമത്തിന്റെ ഫലപ്രാപ്തിയെപ്പറ്റി ഒരു രാജ്യം ഒട്ടാകെയുള്ള ഒരു കാര്യത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു നിയമം ഉണ്ടാക്കിയാൽ അത് വിജയിക്കുമോയെന്നതിനെക്കുറിച്ച് സംശയമുണ്ട്. വിവാഹധൂർത്തും ആർഭാടവും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പാർലമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ആ വസ്തുതകളൊക്കെ കണക്കിലെടുക്കുമ്പോൾ ബോധവൽക്കരണത്തിലൂടെ പ്രയോജനപ്പെടുന്ന ഒന്നായി ഈ ചർച്ച മാറട്ടെ എന്നാണ് എനിക്കും ആശംസിക്കാനുള്ളത്. ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് പ്രമേയത്തിനെ എതിർക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന് നൂറു ശതമാനവും അനുകൂലമായി സംസാരിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇത് സാമൂഹ്യ തിന്മയാണെന്ന കാര്യവും അദ്ദേഹം അംഗീകരിക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ, കഴിഞ്ഞകാല അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഇത്തരം സാമൂഹ്യ തിന്മകളെ

LIBRARY ARCHIVES Kerala Legislative Assembly